# ദേശീയ വനിതാ കമീഷൻ റിപ്പോർട്ട്

**ഇന്ത്യാ** രാജ്യം ഭരിക്കുന്ന കക്ഷിയുടെ പ്രസിഡന്റ് വനിതയാണ്. ഇന്ത്യയുടെ രാഷ്ട്രപതിയും വനിതയാണ്. കേന്ദ്രത്തിലും സംസ്ഥാനങ്ങളിലുമെല്ലാം വനിതാ മന്ത്രിമാരുണ്ട്. വനിതകളുടെ ക്ഷേമമന്വേഷിക്കാനും പരാതികൾ കേൾക്കാനും വനിതാ കമീഷനുകളുണ്ട്. വനിതാ വിമോചനം, സ്ത്രീ ശാക്തീകരണം, ലിംഗനീതി തുടങ്ങിയ മുദ്രാവാക്യങ്ങളാൽ മുഖരിതമാണ് അന്തരീക്ഷം. വനിതാ വിദ്യാഭ്യാസത്തിനും തൊഴിൽ പരിശീലനത്തിനും പ്രത്യേക പദ്ധതികൾ. സ്ത്രീകൾക്കുമുമ്പിൽ തുറക്കപ്പെട്ടുകൊണ്ടിരിക്കുന്ന പുതിയ പുതിയ തൊഴിലവസരങ്ങൾ. രാഷ്ട്രീയത്തിലും ഭരണത്തിലും സ്ത്രീ പങ്കാളിത്തം അഭൂതപൂർവമായി വർധിച്ചുവരുന്നു. പാർലമെന്റിലും അസംബ്ലികളിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലുമെല്ലാം മൂന്നിലൊന്നും പകുതിയുമൊക്കെ സ്ഥാനങ്ങൾ സ്ത്രീകൾക്കു സംവരണം ചെയ്യുന്ന നിയമങ്ങൾ തയാറായി വരുന്നു.

ആകപ്പാടെ ജനജീവിതത്തിന്റെ സകലമാന തുറകളിലും സ്ത്രീജനങ്ങൾ തിരുതകൃതിയായി മുന്നേറിക്കൊണ്ടിരിക്കുന്നു എന്ന പ്രതീതിയാണ് മാധ്യമങ്ങളും ഭരണാധികാരികളും സൃഷ്ടിക്കുന്നത്. അതു തന്നെയാണോ യാഥാർഥ്യം? ദിനപത്രങ്ങൾ മുമ്പിലെത്തിക്കുന്ന സ്ത്രീ പീഡന വാർത്തകളിലൂടെ കണ്ണോടിക്കുന്നവരിൽ ഇങ്ങനെയൊരു ചോദ്യമുയരുക സ്വാഭാവികം. ആ ചോദ്യത്തിനുള്ള ഔദ്യോഗികമായ ഉത്തരമാണ് ദേശീയ വനിതാ കമീഷൻ ഈയിടെ പുറത്തിറക്കിയ റിപ്പോർട്ട്. രാജ്യത്തെ മൊത്തം ജില്ലകളിൽ പകുതിയിലധികത്തിലും ബാല പീഡനത്തിന്റെയും പെൺവാണിഭത്തിന്റെയും ചന്തകളുണ്ട് എന്നാണ് റിപ്പോർട്ട് പറയുന്നത്. 28 ലക്ഷത്തിലേറെ വനിതകൾ മാനംവിറ്റ് ഉപജീവനം തേടുന്ന 1016 കേന്ദ്രങ്ങൾ കമീഷൻ ചൂണ്ടിക്കാണിക്കുന്നു. ദേശീയാടിസ്ഥാനത്തിൽ 15നും 35നും ഇടക്ക് പ്രായമുള്ള മൊത്തം സ്ത്രീകളിൽ 2.4 ശതമാനം ശരീരം വിൽക്കുന്നവരാണത്രെ. ഇത്രയും പേർ സ്വമേധയാ ഈ തൊഴിൽ തെരഞ്ഞെടുത്തവരല്ല; സാഹചര്യങ്ങളുടെ സമ്മർദത്താൽ അതിലേക്ക് തള്ളിവിടപ്പെട്ടവരാണ് ബഹുഭൂരിപക്ഷവും. ബലാൽക്കാരം പിടിച്ചുകൊണ്ടുവന്ന് ഇത്തരം കേന്ദ്രങ്ങളിൽ തളച്ചിടപ്പെട്ടവരുമുണ്ട്. അധികൃതരോട് പരാതിപ്പെടാനോ, ആ നരകങ്ങളിൽനിന്ന് പ്രാണനും കൊണ്ട് രക്ഷപ്പെടാനോ കഴിയാത്തവണ്ണം രാഷ്ട്രീയ-സാമ്പത്തിക സ്വാധീനങ്ങളാൽ ബലിഷ്ഠമാണ് അവർക്കു പിന്നിൽ പ്രവർത്തിക്കുന്ന കരങ്ങൾ.

സ്ത്രീകളെ ലൈംഗികത്തൊഴിലിലേക്കു നയിക്കുന്നത് മുഖ്യമായും ദാരിദ്ര്യവും അധഃസ്ഥിതിയുമാണെന്ന് കമീഷൻ വ്യക്തമാക്കുന്നു. പട്ടിണിയും നിരക്ഷരതയും കൂടിയ പ്രദേശങ്ങളിൽനിന്നുള്ളവരാണ് നഗരങ്ങളിലെ ചുവന്ന തെരുവുകളിലെത്തുന്ന സ്ത്രീകളിലധികവും. പ്രായപൂർത്തിയാവാത്ത ബാലികമാർ അധികമെത്തുന്നതും അവിടെനിന്നുതന്നെ. എന്നാൽ നഗരങ്ങളിൽ വിദ്യാഭ്യാസവും സാമ്പത്തിക സൗകര്യവുമുള്ള ചില സ്ത്രീകളും ശരീര വിൽപനക്ക് തയാറാകുന്നുണ്ട്. സാമ്പത്തികവും

മറ്റുമായ പ്രലോഭനങ്ങളാണ് അവരെ അതിനു പ്രേരിപ്പിക്കുന്നത്. ഉയർന്ന കുടുംബങ്ങളിൽനിന്നുള്ള സ്ത്രീകളും കോളേജ് വിദ്യാർഥിനികളുമുണ്ടീ കൂട്ടത്തിൽ. ആധുനിക വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ ദുരന്തമാണിത്. സദാചാര-ധാർമിക മൂല്യങ്ങളാൽ നയിക്കപ്പെടുന്ന തലമുറക്കുപകരം എങ്ങനെയും പണമുണ്ടാക്കി ജീവിതം 'അടിച്ചു പൊളിക്കുന്ന' തലമുറകളെയാണതു സൃഷ്ടിച്ചുകൊണ്ടിരിക്കുന്നത്.

സ്ത്രീകൾക്ക് തൊഴിലവസരങ്ങൾ വർധിച്ചുവരുന്നുവെന്നത് സത്യമാണ്. തൊഴിലിടങ്ങളിൽ സ്ത്രീകളുടെ അരക്ഷിതത്വം വർധിച്ചുവരുന്നുവെന്നതും അത്രതന്നെ സത്യമാണ്. ഐ.എ.എസ് വനിതകൾ പോലും മാനഹാനിക്കിരയാകുന്നുണ്ട്. പ്രൈവറ്റ് സെക്ടറിലും മൾട്ടിനാഷ്നൽ കമ്പനികളിലും കാൾ സെന്ററുകളിലുമെല്ലാം ഇത്തരം പരാതികളേറെയാണ്. പവിത്രമെന്ന് കരുതപ്പെടുന്ന വിദ്യാഭ്യാസ കേന്ദ്രങ്ങളിൽപോലും സ്ത്രീപീഡനങ്ങളരങ്ങേറുന്നു. ഉദാഹരണമായി, പ്രശസ്തമായ ടി.പി.എസിന്റെ ഒരു ബ്രാഞ്ചിൽ പ്രിൻസിപ്പൽ തന്നെ അവിടത്തെ സ്ത്രീകളെ മാനഭംഗപ്പെടുത്തിയതായി പരാതി ഉയർന്നു. പിഴയായി പരാതിക്കാരായ മൂന്നു സ്ത്രീകൾക്ക് 8 ലക്ഷം രൂപ കൊടുക്കാൻ സൊസൈറ്റിയോടും സ്ഥാപനത്തോടും കോടതി കൽപിക്കുകയുണ്ടായി. കുടുംബത്തിലും സ്ത്രീകൾ അരക്ഷിതരായിക്കൊണ്ടിരിക്കുന്നു എന്നതാണവസ്ഥ. ഏറ്റം വിശ്വസ്തരായ രക്ഷിതാക്കളെന്നു കരുതപ്പെടുന്ന പിതാവും ശ്വശുരനും ഉൾപ്പെടെയുള്ള ഉറ്റവരാൽ യുവതികൾ ബലാത്സംഗം ചെയ്യപ്പെടുന്ന വാർത്തകൾ സാക്ഷര കേരളത്തിൽ നിന്നുവരെ വരുന്നുണ്ട്.

വൻ നഗരങ്ങളിലെ സ്റ്റാർ ഹോട്ടലുകളിലും ബ്യൂട്ടി-മസാജ് പാർലറുകളിലും എന്തൊക്കെ നടക്കുന്നുവെന്നത് അജ്ഞാതമല്ല. മാധ്യമങ്ങൾ അതെല്ലാം ഭംഗ്യന്തരേണ പരസ്യപ്പെടുത്തുന്നുണ്ട്. സർക്കാറിനും അതൊക്കെ നന്നായറിയാം. ടൂറിസത്തിന്റെയും കലയുടെയും പേരിൽ അധികാരികൾ എല്ലാറ്റിനും നേരെ കണ്ണടക്കുകയാണ്.

പുറമെക്ക് എന്തൊക്കെ ഘോഷിച്ചാലും സ്ത്രീ ഒരു ഉപഭോഗ വസ്തു മാത്രം എന്നതാണ് ആധുനിക സമൂഹത്തിന്റെ അടിസ്ഥാന സങ്കൽപം. പുരുഷനെ മാത്രമല്ല സ്ത്രീയെയും നയിക്കുന്നത് ഈ സങ്കൽപമാണ്. സ്ത്രീയെ പൂജാവിഗ്രഹമായി അവതരിപ്പിക്കുന്നവരുമുണ്ട്. പൂക്കളെയും ധാന്യങ്ങളെയും പൂജിക്കുന്നതുപോലെയാണാ പൂജ. സ്ത്രീയുടെ സ്വത്വവും അന്തസ്സും അതിൽ പരിഗണിക്കപ്പെടുന്നില്ല. സ്ത്രീയുടെ സ്വത്വവിശേഷവും അവളർഹിക്കുന്ന അന്തസ്സും അംഗീകരിക്കുകയും അതാവശ്യപ്പെടുന്ന അവകാശങ്ങൾ വകവെച്ചു കൊടുക്കുകയും വേണം. സ്ത്രീ എന്ന യാഥാർഥ്യത്തെ മനസ്സിലാക്കാതെ കുറെ മുദ്രാവാക്യങ്ങൾകൊണ്ട് ഓമനിക്കുകയും ഔദാര്യങ്ങൾകൊണ്ട് പരിലാളിക്കുകയും ചെയ്യുന്നത് തൊലിപ്പുറമെയുള്ള ചികിത്സയേ ആകൂ. യഥാർഥ വനിതാ ശാക്തീകരണവും വിമോചനവും അതുകൊണ്ടു സാധ്യമാവുകയില്ല. വനിതാ കമീഷൻ റിപ്പോർട്ടിന്റെ വരികൾക്കിടയിലും വായിക്കാൻ കഴിയുന്നത് അതാണ്. ■